WEDNESDAY 01.05.2024 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR  Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 01/05/2024

1. നാളികേരം പൊതിക്കുന്ന യന്ത്രത്തിന് കേരള കാർഷിക സർവ്വകലാശാല പേറ്റന്റ് നേടി. സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരാണ് ഈ യന്ത്രത്തിന് പിന്നിൽ. കാര്യക്ഷമമായ നാളികേര സംസ്കരണത്തിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഒരു അത്യാധുനിക ഉപകരണമാണ് ഈ യന്ത്രം. ഉണങ്ങിയതും പച്ചയുമായ വിവിധ വലിപ്പത്തിലുള്ള തേങ്ങകൾ ഈ യന്ത്രം ഉപയോഗിച്ച് പൊതിക്കാവുന്നതാണ്.

2. സംസ്ഥാനത്തെ 13 ജില്ലകളിലെ വിവിധ സർക്കാർ ഫാമുകളിലായി 11 ലക്ഷത്തോളം വിവിധ ഇനം തെങ്ങിൻ തൈകൾ (നെടിയ ഇനം- 100 രൂപ, കുറിയ ഇനം -100 രൂപ, ഹൈബ്രിഡ് -250 രൂപ നിരക്കിൽ വിൽപനക്കായി (വേനൽക്കാല വിൽപന ഉൾപ്പെടെ) ഫാമുകളിൽ തയ്യാറായിട്ടുണ്ട്. ആവശ്യക്കാർക്ക് തെങ്ങിൻ തൈകൾ ഫാമിൽ നിന്നും നേരിട്ട് വിലയ്ക്ക് വാങ്ങാവുന്നതാണ് .

3. നാളികേരത്തിന്റെ വിളവെടുപ്പുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ നിറവേറ്റുന്നതിനായി നാളികേര വികസന ബോർഡ് ആരംഭിച്ച തെങ്ങിന്റെ ചങ്ങാതിക്കൂട്ടം (FoCT) കോൾ സെന്ററിലേയ്ക്ക് വിളിച്ച് കേരളത്തിലെവിടെയുമുള്ള കേര കർഷകർക്ക് വിളിപ്പുറത്ത് തെങ്ങിന്റെ ചങ്ങാതിമാരെ ലഭ്യമാക്കുകയെന്നതാണ് കോൾ സെന്ററിലൂടെ ബോർഡ് ലക്ഷ്യ മാക്കുന്നത്. സേവനം ലഭ്യമാകുന്നതിനായി ഹലോ നാരിയൽ കോൾ സെന്ററിന്റെ 9447175999 എന്ന നമ്പറിലേയ്ക്ക് വിളിക്കുകയോ, വാട്സ്ആപ്പ് സന്ദേശം അയക്കുകയോ ചെയ്യാവുന്ന താണ്. ബോർഡിന്റെ ആസ്ഥാനമായ കൊച്ചിയിലാണ് കേരളത്തിലെ കോൾ സെന്ററിന്റെ പ്രവർത്തനം. തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 9.30 മുതൽ വൈകിട്ട് 5 മണി വരെയാണ് പ്രവർത്തന സമയം. അതാത് ജില്ലകളിൽ ബ്ലോക്ക് ഗ്രാമപഞ്ചായത്ത് തലത്തി ലാണ് ചങ്ങാതിമാരുടെ സേവനം ലഭ്യമാക്കുന്നത്. വിളവെടുപ്പ്, തെങ്ങിന്റെ മണ്ട വൃത്തിയാ

ക്കൽ, മരുന്നു തളിയ്ക്കൽ, രോഗകീട നിയന്ത്രണം, കൃത്രിമ പരാഗണം തുടങ്ങിയ സേവനങ്ങൾ ഈ പദ്ധതിയിലൂടെ കേര കർഷകർക്ക് പ്രയോജനപ്പെടുത്താം. ഇതിനുപുറമെ കർമ്മനിരതരായി സേവനം ചെയ്യാൻ തയ്യാറായിട്ടുള്ള തെങ്ങ് കയറ്റക്കാർക്കും, തെങ്ങിന്റെ ചങ്ങാതിമാർക്കും കോൾ സെന്ററിൽ രജിസ്റ്റർ ചെയ്യാം. ഇപ്രകാരം കോൾ സെന്ററിന്റെ സേവനം കർഷകർക്കൊപ്പം തെങ്ങിന്റെ ചങ്ങാതിമാരും പരമാവധി പ്രയോജനപ്പെടുത്തുക. കൂടാതെ നാളികേര വികസന ബോർഡിന്റെ കേര സുരക്ഷ ഇൻഷുറൻസ് പദ്ധതി പ്രകാരം തെങ്ങുകയറ്റക്കാർക്ക് ഇൻഷുറൻസ് പരിരക്ഷയും നൽകുന്നുണ്ട്. കേര സുരക്ഷ ഇൻഷുറൻസ് പദ്ധതിയിൻ കീഴിൽ അപേക്ഷിക്കുന്ന തെങ്ങുകയറ്റ തൊഴിലാളികൾക്ക് പരമാവധി അഞ്ച് ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയാണ് നൽകുന്നത്.

4. ജില്ലാ മണ്ണ് പരിശോധനാ ലാബിൽ മണ്ണ് പരിശോധനക്ക് സംവിധാനം. ജില്ലയിലെ കർഷകരുടെ കൃഷിയിടങ്ങളിലെ മണ്ണിന്റെ ഫലഭൂയിഷ്ഠത മനസ്സിലാക്കുന്നതിനും നിലവിലുള്ള വിളകളുടെയും പുതുതായി കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്ന വിളകളുടെയും വളപ്രയോഗം കാര്യക്ഷമമാക്കുന്നതിനുമായി മണ്ണ് പരിശോധിക്കാം. കർഷകർ, കർഷക സംഘടനകൾ, സമിതികൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവക്ക് നേരിട്ടോ കൃഷി ഭവൻ മുഖേനയോ മണ്ണു സാമ്പിളുകൾ തളിപ്പറമ്പ് കരിമ്പത്ത് പ്രവർത്തിക്കുന്ന ജില്ലാ മണ്ണു പരിശോധനാ ലാബിൽ നൽകാം. കൃഷി വകുപ്പിന്റെ വിവിധ പദ്ധതിയിൽപെടുന്ന സാമ്പിളുകൾ സൗജന്യമായും മറ്റുള്ളവ സൗജന്യ നിരക്കിലും പരിശോധിച്ച് മണ്ണു പരിപോഷണ കാർഡ് ലഭ്യമാക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9495756717, 9383472038

5. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഒരു മാസം പ്രായമായ ബിവി 380 കോഴിക്കുഞ്ഞുങ്ങൾ 160 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് തയ്യാറായി. രാവിലെ 10 മണി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മുതൽ 4 മണി വരെയുള്ള സമയങ്ങളിൽ 9400483754 എന്ന ഫോൺ നമ്പറിൽ വിളിച്ചു ബുക്ക് ചെയ്യേണ്ടതാണ്..

6. കാർഷിക സർവ്വകലാശാലയുടെ കീഴിൽ എറണാകുളം ജില്ലയിലെ ഓടക്കാലിയിൽ പ്രവർത്തിക്കുന്ന സുഗന്ധതൈല ഔഷധസസ്യ ഗവേഷണ കേന്ദ്രത്തിൽ ഇഞ്ചിപ്പുല്ല് വിത്തുകൾ (seeds fluff) കിലോയ്ക്ക് 3700/- രൂപ എന്ന നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9744943832, 8075169701 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

7. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "Soil Health Management" എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്റ്റ്രേഷൻ ഫോറം പൂരിപ്പിച്ചു സമർപ്പിക്കുക. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി : 2024 മെയ് 21. കോഴ്സ് ആരംഭിക്കുന്ന തിയ്യതി: 2024 മെയ് 22. കൂടുതൽ വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 04872438565, 8547837256, 9497353389 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം